# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.6416

11..07..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

## മഹിളാ പ്രധാൻ ഏജൻറുമാരുടെ കമ്മീഷൻ

**ചോദ്യം**

ശ്രീമതി പി. അയിഷാപോറ്റി

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ | മഹിളാപ്രധാൻ ഏജൻറുമാർക്ക് നൽകി വരുന്ന കമ്മീഷൻ, അലവൻസ്, ബോണസ് എന്നിവയുടെ നിരക്ക് എപ്രകാരമാണ്. | മഹിളാപ്രധാൻ ഏജൻറുമാർക്ക് അവർ സമാഹരിക്കുന്ന തുകയുടെ 4% വും എസ്.എ.എസ് ഏജൻറുമാർക്ക് ½% വും കമ്മീഷൻ നൽകി വരുന്നു. കേന്ദ്രസർക്കാരിൻെറ 25.11.2011-ലെ F.1/12/2011-NS-II ഉത്തരവു പ്രകാരം 2011 ഡിസംബർ മാസം മുതൽ സംസ്ഥാന സർക്കാർ നൽകിവന്നിരുന്ന അലവൻസ്, ബോണസ് എന്നിവ തുടർന്ന് നൽകുന്നതിന് കേന്ദ്ര ഗവൺമെൻറ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി | കൊല്ലം ജില്ലയിൽ മഹിളാപ്രധാൻ ഏജൻറുമാർക്ക് അവസാനമായി അലവൻസ് ഏതു കാലയളവ് വരെയാണ് നൽകിയിട്ടുളളത്; | 2011 നവംബർ മാസം വരെയാണ് അലവൻസ് നൽകിയിട്ടുളളത് |
| സി | ബോണസ് ഏത് കാലയളവ് മുതൽ നൽകാനുണ്ട്; | 2011 ഏപ്രിൽ മുതൽ 2011 നവംബർ വരെയുളള കാലയളവിലെ ബോണസ് നൽകാനുണ്ട്. |
| ഡി | പ്രസ്തുത കുടിശ്ശിക തുകകൾ നൽകാൻ നടപടി സ്വീകരിക്കുമോ? | നടപടി സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| ഇ | മഹിളാപ്രധാൻ ഏജൻറുമാർക്ക് അലവൻസും ബോണസും നിഷേധിക്കുന്ന സാഹചര്യം നിലവിലുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | മഹിളാ പ്രധാൻ ഏജൻറുമാർക്ക് അവർ സമാഹരിക്കുന്ന തുകയുടെ 4% കമ്മീഷനായി കേന്ദ്ര സർക്കാർ നൽകുന്നതിനാൽ 25.11.2011-ലെ F.1/12/2011-NS-II ഉത്തരവു പ്രകാരം സംസ്ഥാന സർക്കാർ നൽകിവന്നിരുന്ന അലവൻസ്, ബോണസ് എന്നിവ തുടർന്ന് നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

R. Paul

സെക്ഷൻ ഓഫീസർ